(ഡി) സ്റ്റോർ പർച്ചേസ് മാനുവൽ പാലിക്കപ്പെടാത്തതിന്റെ പേരിൽ പുസ്തകം വാങ്ങിയതുമായി ബന്ധപ്പെട്ട് നടന്ന ക്രമക്കേടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥരെ കണ്ടെത്തിയിട്ടുണ്ടോ; അവർക്കെതിരെ എന്തൊക്കെ നടപടികൾ കൈക്കൊണ്ടു; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) നിയമങ്ങൾക്കനുസൃതമായിട്ടാണ്.

(ബി) ഉണ്ട്. 10.5.99-ലെ സിൻഡിക്കേറ്റ് യോഗ തീരുമാന പ്രകാരം.

(സി) പുസ്തകം വാങ്ങുന്നതിന്റെ നിബന്ധനകളേയും മറ്റും സംബന്ധിച്ച് പത്രവാർത്തകൾ വന്നപ്പോഴാണ് ഇപ്രകാരമൊരു തീരുമാനമെടുത്തതെന്ന് യൂണിവേഴ്സിറ്റി അറിയിച്ചിട്ടുണ്ട്.

(ഡി)&(ഇ) ഇതു സംബന്ധിച്ച് പത്രവാർത്തകളുണ്ടായിരുന്നു. കൂടാതെ ഈ വിഷയം സംബന്ധിച്ച് കാലിക്കട്ട് യൂണിവേഴ്സിറ്റിയിലെ ഒരു സർവ്വീസ് സംഘടന സർക്കാരിന് നിവേദനം സമർപ്പിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് സർവ്വകലാശാലയോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് വേണ്ട നടപടികളെടുക്കാവുന്നതാണ്.

79 (1623) വിധ്വംസക പ്രവർത്തനങ്ങൾക്കെതിരെ വിദ്യാർത്ഥികളെ സജ്ജമാക്കാൻ നടപടി

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബോംബ് സ്ഫോടനങ്ങളും വിധ്വംസക പ്രവർത്തനങ്ങളും നടക്കുന്നതിന്റെ പശ്ചാത്തലത്തിൽ കോളേജ് വിദ്യാർത്ഥികളുടെ വോളന്ററി ഗ്രൂപ്പുകൾ സ്ഥാപിച്ച് ഇന്റലിജൻസ് പ്രവർത്തകരെ സഹായിക്കാനുതകുന്ന തരത്തിൽ സ്ഫോടക വസ്തുക്കൾ കണ്ടാൽ തിരിച്ചറിയാനും മറ്റുമുള്ള പ്രാഥമിക വിജ്ഞാനം നൽകുവാനുള്ള ഒരു പദ്ധതി ആവിഷ്കരിക്കുമോ;

(ബി) കോളേജുകളിലെ എൻ.സി.സി. പ്രവർത്തനം ഊർജ്ജിതപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പരിശോധിക്കുന്നതാണ്.

(ബി) സാമ്പത്തിക പരിമിതികൾക്കുള്ളിൽനിന്നുകൊണ്ട് പ്രവർത്തനം ഊർജ്ജിതപ്പെടുത്തിവരുന്നു.

80 (1624) ഭാരത് സ്കൗട്ട്സ് ആന്റ് ഗൈഡ്സ്

ശ്രീ. ടി.എം. ജേക്കബ് :

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly